എ.വൈ.ആർ

മൂസാ(അ) ഏൽപിക്കപ്പെടുന്ന ദൗത്യത്തിന്റെ നിർവഹണത്തിൽ അത് ഏൽപിക്കുന്ന അല്ലാഹുവിന്റെ ഗുണങ്ങളെക്കുറിച്ചുള്ള അവബോധം അതിപ്രധാനമാകുന്നു. ഈ അവബോധമാണ് നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട് അധഃസ്ഥിതരായി കിടന്ന യഹൂദരെപ്പോലൊരു ജനതയുടെ വിമോചനത്തിനു വേണ്ടി, അക്കാലത്തെ അതിപ്രബല സ്വേഛാധിപതിയായ ഫറവോനെതിരെ സമരം പ്രഖ്യാപിക്കാനുള്ള ധൈര്യവും നിശ്ചയദാർഢ്യവും മൂസാ(അ)ക്ക് പ്രദാനം ചെയ്തത്. അദ്ദേഹം വിശ്വസിച്ചതുപോലെ ഓരോ കാൽവെപ്പിലും അല്ലാഹു അദ്ദേഹത്തിനു വിജയമരുളുകയും ചെയ്തു.



وَإِنَّكَ لَتُلَقَّى الْقُرْآنَ مِنْ لَدُنْ حَكِيمٍ عَلِيمٍ ﴿٦﴾

6. പ്രവാചകാ, ഈ ഖുർആൻ നിനക്കു ലഭിക്കുന്നത് തീർച്ചയായും യുക്തിമാനും സർവജ്ഞനുമായ ഒരസ്തിത്വത്തിൽനിന്നാകുന്നു.

**6**

وَإِنَّكَ لَتُلَقَّى الْقُرْآنَ= തീർച്ചയായും ഈ ഖുർആനിനെ നിനക്കു മുട്ടിക്കപ്പെടുന്നു(ലഭിക്കുന്നത്)

مِنْ لَدُنْ حَكِيمٍ عَلِيمٍ = സർവജ്ഞനായ യുക്തിമാന്റെ അടുക്കൽ നിന്നാകുന്നു (യുക്തിമാനും സർവജ്ഞനുമായ ഒരസ്തിത്വത്തിൽനിന്നാകുന്നു)

അവിശ്വാസികളുടെ രൂക്ഷമായ എതിർപ്പിനു മുന്നിൽ ഖിന്നമാകുന്ന പ്രവാചകമനസ്സിനെ ദൃഢീകരിക്കുകയാണ് ഈ വചനം. യുക്തിമാനും സർവജ്ഞനുമായ ശക്തിയാണ് ഈ വചനം അവതരിപ്പിച്ചുതരുന്നതെന്ന് സമാധാനിച്ച് ധൈര്യമവലംബിക്കുക. അവന്റെ നടപടികളെല്ലാം തികച്ചും യുക്തിയുക്തമായിരിക്കും. സകല കാര്യങ്ങളും സൂക്ഷ്മമായി അറിവുള്ളവനാണവൻ. ഈ വചനങ്ങൾ ഇറക്കിത്തന്നിട്ട് അവൻ പ്രവാചകനെ തനിച്ചാക്കി മറഞ്ഞുപോകുമെന്ന് വിചാരിക്കേണ്ട. അവൻ പ്രവാചകന്റെ കൂടെ തന്നെയുണ്ട്. ഓരോ ചുവടുവെപ്പിനും മാർഗദർശനം നൽകിക്കൊണ്ട് അദ്ദേഹത്തെ ഉദ്ദിഷ്ടലക്ഷ്യത്തിലെത്തിക്കുന്നുമുണ്ട്. ■

إِذْ قَالَ مُوسَىٰ لِأَهْلِهِ إِنِّي آنَسْتُ نَارًا سَآتِيكُمْ مِنْهَا بِخَبَرٍ أَوْ آتِيكُمْ بِشِهَابٍ قَبَسٍ لَعَلَّكُمْ تَصْطَلُونَ ﴿٧﴾

7. ഓർക്കുക, മൂസാ തന്റെ കുടുംബത്തോടു പറഞ്ഞു: ഒരു തീ കാണുന്നുണ്ട്. ഞാൻ അവിടെ പോയി വിവരമറിഞ്ഞുവരാം. അല്ലെങ്കിൽ ഒരു തീനാളം കൊളുത്തിക്കൊണ്ടുവരാം. നമുക്ക് തീ കായാമല്ലോ.

فَلَمَّا جَاءَهَا نُودِيَ أَنْ بُورِكَ مَنْ فِي النَّارِ وَمَنْ حَوْلَهَا وَسُبْحَانَ اللَّهِ رَبِّ الْعَالَمِينَ ﴿٨﴾

8. അവിടെ ചെന്നപ്പോൾ അദ്ദേഹം ഒരു വിളി കേട്ടു. എന്തെന്നാൽ, ഈ അഗ്നിയിലും അതിന്റെ പരിസരത്തുമുള്ളവർ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. അഖിലാണ്ഡ വിധാതാവായ അല്ലാഹു പരമ പരിശുദ്ധനല്ലോ.

يَا مُوسَىٰ إِنَّهُ أَنَا اللَّهُ الْعَزِيزُ الْحَكِيمُ ﴿٩﴾

9. അല്ലയോ മൂസാ, ഇതു ഞാൻ അജയ്യനും അഭിജ്ഞനുമായ അല്ലാഹുവാകുന്നു.

**7–9**

إِذْ قَالَ مُوسَىٰ = ഓർക്കുക, മൂസാ പറഞ്ഞു لِأَهْلِهِ = തന്റെ കുടുംബത്തോട്

إِنِّي آنَسْتُ= ഞാൻ കണ്ടു (കാണുന്നുണ്ട്) نَارًا = ഒരു തീ

سَآتِيكُمْ مِنْهَا بِخَبَرٍ= ഞാൻ അതിൽനിന്ന് നിങ്ങൾക്ക് വാർത്ത കൊണ്ടുവരും (അവിടെ പോയി വിവരമറിഞ്ഞുവരാം)

| | |
|---|---|
| أَوْ آتِيكُمْ بِشِهَابٍ قَبَسٍ = അല്ലെങ്കിൽ ഞാൻ നിങ്ങൾക്ക് ഒരു ജ്വാലശിഖ (തീനാളം കൊളുത്തി) കൊണ്ടുവരാം | |
| لَعَلَّكُمْ تَصْطَلُونَ = നിങ്ങൾക്ക് ചൂടനുഭവിച്ചേക്കാം (നമുക്ക് തീ കായാമല്ലോ) | فَلَمَّا جَاءَهَا = അദ്ദേഹം അവിടെ ചെന്നപ്പോൾ |
| نُودِيَ = വിളിക്കപ്പെട്ടു (ഒരു വിളി കേട്ടു) | أَنْ بُورِكَ = എന്തെന്നാൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു |
| مَنْ فِي النَّارِ = ഈ അഗ്നിയിലുള്ളവൻ(ർ) | وَمَنْ حَوْلَهَا = അതിന്റെ പരിസരത്തുള്ളവന(ര)ും |
| وَسُبْحَانَ اللَّهِ = അല്ലാഹു പരമ പരിശുദ്ധനല്ലോ | رَبِّ الْعَالَمِينَ = അഖിലാണ്ഡ വിധാതാവായ / يَا مُوسَىٰ = ഓ മൂസാ |
| إِنَّهُ = തീർച്ചയായും ഇത് | أَنَا اللَّهُ = ഞാൻ അല്ലാഹുവാകുന്നു / الْعَزِيزُ الْحَكِيمُ = അജയ്യനും അഭിജ്ഞനുമായവനായ |

ഇനി സത്യപ്രവാചകന്മാർ നിഷേധിക്കപ്പെടുന്നതിനും നിഷേധികളുടെ പര്യവസാനത്തിനും ഉദാഹരണമായി മൂസാ നബിയുടെ ചരിത്രം അനുസ്മരിക്കുകയാണ്. നേരത്തേ പല സൂറകളിലും പരാമർശിച്ചിട്ടുള്ളതാണ് മൂസാ ചരിത്രം. സൂറ *ത്വാഹാ* 9 മുതൽ 99 വരെ സൂക്തങ്ങളിലും *അശ്ശുഅറാഅ്* 10 മുതൽ 54 വരെ സൂക്തങ്ങളിലും വിസ്തരിച്ചുതന്നെ പറഞ്ഞിരിക്കുന്നു. ആവശ്യമായ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സന്ദർഭങ്ങൾക്കു താഴെ നൽകിയിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. മൂസാ നബിയുടെ പ്രബോധനത്തിന്റെ പ്രാരംഭദശ മാത്രം സംഗ്രഹിച്ചിരിക്കുകയാണ് ഈ സൂറയിൽ.

തീനാളവും ജ്വാലയുമാണ് شهاب. ജ്വാലക്കും കനലിനും ഒരു തീയിൽനിന്ന് കൊളുത്തിയെടുക്കുന്ന തീക്കും قبس എന്നു പറയും. ഇവിടെ പദങ്ങൾ വ്യാകരണവശാൽ شهاب قبس എന്ന് ഒന്ന് മറ്റേതിനു بدل ആയിട്ടാണ് പറഞ്ഞിരിക്കുന്നത്. ആശയസ്ഫുടതക്കു വേണ്ടിയാണ് ഇങ്ങനെ بدل പ്രയോഗിക്കുക. نادى -യുടെ അകർമക രൂപമാണ് نودي. ഒരാളെ ഒരു വിവരമറിയിക്കാൻ വിളിക്കുന്നതിനും ഒരു വിവരം പൊതുവായി വിളിച്ചറിയിക്കുന്നതിനും نداء എന്നു പറയും. ഒരു വസ്തു വ്യക്തമായി കാണുന്നതിനും അതിന്റെ സാന്നിധ്യം തോന്നുന്നതിനും آنس എന്നു പറയും. മൂസാ (അ) കണ്ടത് സാധാരണ തീയായിരുന്നില്ല, മലമുകളിൽ ഒരു വൃക്ഷത്തെ പ്രകാശമാനമാക്കിയതായിരുന്നു. ആ അനുഭവം മൂസാ നബിക്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂ, കൂടെയുള്ളവർക്കുണ്ടായിട്ടില്ല. ഉറ്റവരും ഉടയവരും, ഭാര്യ, സ്വജനങ്ങൾ, കക്ഷികൾ, അർഹർ, ഉത്തരവാദപ്പെട്ടവർ തുടങ്ങിയ അർഥങ്ങളിലെല്ലാം ഉപയോഗിക്കുന്ന പദമാണ് اهل. ഇവിടെ വിവക്ഷ ഭാര്യയാണെന്നാണ് പണ്ഡിതന്മാർ പൊതുവിൽ അഭിപ്രായപ്പെടുന്നത്. മൂസാ നബിക്കൊപ്പം ഭാര്യക്കു പുറമെ ഭൃത്യന്മാരുമുണ്ടായിരുന്നുവെന്നും അവരെക്കൂടി സൂചിപ്പിച്ചുകൊണ്ടാണ് اهل എന്ന് പ്രയോഗിച്ചതെന്നും ചിലർ വ്യാഖ്യാനിക്കുന്നു. കൂടെ ഭാര്യയും കുട്ടികളുമുണ്ടായിരുന്നു. അവരാണ് اهل എന്നഭിപ്രായപ്പെട്ടവരുമുണ്ട്.

'അഗ്നിയിലുള്ളവനും അതിന്റെ പരിസരത്തുള്ളവനും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞതിലെ അനുഗൃഹീതൻ കൊണ്ടുദ്ദേശ്യം അല്ലാഹുവാണെന്നാണ് പണ്ഡിതന്മാർ പൊതുവിൽ വ്യാഖ്യാനിച്ചിട്ടുള്ളത്. തുടർന്നുള്ള أَنَا اللَّهُ الْعَزِيزُ الْحَكِيمُ (ഞാൻ അജയ്യനും അഭിജ്ഞനുമായ അല്ലാഹു തന്നെയാണ്) എന്ന വാക്യം ഈ വ്യാഖ്യാനത്തിന് ഉപോദ്ബലകമായി ഉന്നയിക്കപ്പെടുന്നു. കൂരിരുട്ടിൽ അകലെ വെളിച്ചം കണ്ട് ചെന്നു നോക്കിയ മൂസാ(അ) കണ്ടത് ഒരു വൃക്ഷം നിന്ന് ജ്വലിക്കുന്നതാണ്. എന്നാൽ, അതിന്റെ ഇലകളോ കൊമ്പുകളോ കരിയുന്നില്ല. ഈ കാഴ്ച കണ്ടുനിന്ന മൂസാ നബി ഗംഭീരമായ ഒരശരീരി കേൾക്കുന്നു: അല്ലയോ മൂസാ, നീ കാണുന്ന അഗ്നിയുടെ തിരശ്ശീലക്കുള്ളിലും അതിനു ചുറ്റുമുള്ളത് അനുഗൃഹീതനായ അല്ലാഹുവാകുന്നു. സകല ന്യൂനതകളിൽനിന്നും മുക്തനും സർവ സൽഗുണസമ്പൂർണനുമായ പരമ പരിശുദ്ധനും അഖിലാണ്ഡ വിധാതാവുമാകുന്നു. അതിനാൽ നിനക്ക് ദൃശ്യമായ ഈ വെളിച്ചത്തിൽ വിശ്വാസമർപ്പിക്കുക. സർവലോകത്തിന്റെയും പരമാധികാരിയായ അവന്റെ സംരക്ഷണവും കാരുണ്യവും നിന്നെ തുണക്കുന്നതാണ്. ഈ വിധം അഗ്നിയിലും പരിസരത്തുമുള്ളവനെ പരിചയപ്പെടുത്തിയ ശേഷം നീ കേൾക്കുന്ന ഈ വാക്കുകളുടെ വക്താവ് അല്ലാഹു തന്നെയാണെന്ന് വെളിപ്പെടുത്തുന്നു. മുൻ സൂക്തത്തിൽ അല്ലാഹുവിന്റെ അജയ്യൻ, കരുണാമയൻ (العزيز الرّحيم) എന്നീ ഗുണങ്ങൾ ആവർത്തിച്ചരുളപ്പെട്ടതിന്റെ താൽപര്യം സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇവിടെ അജയ്യതയോടൊപ്പം യുക്തിമാൻ, അഭിജ്ഞൻ (حكيم) എന്ന ഗുണമാണ് എടുത്തോതിയിരിക്കുന്നത്. അതിന്റെ താൽപര്യമിതാണ്: താങ്കളെ ഇപ്പോൾ ഭാഷണം കൊണ്ടനുഗ്രഹിക്കുന്നത് ആരാലും അതിജയിക്കപ്പെടാനാവാത്ത സർവ ശക്തനാകുന്നു. അതോടൊപ്പം അവന്റെ സകല തീരുമാനങ്ങളും നടപടികളും നന്മയിലധിഷ്ഠിതവും യുക്തിയുക്തവുമായിരിക്കും. മൂസാ(അ) ഏൽപിക്കപ്പെടുന്ന ദൗത്യത്തിന്റെ നിർവഹണത്തിൽ അത് ഏൽപിക്കുന്ന അല്ലാഹുവിന്റെ ഈ ഗുണങ്ങളെക്കുറിച്ചുള്ള അവബോധം അതിപ്രധാനമാകുന്നു. ഈ അവബോധമാണ് നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട് അധഃസ്ഥിതരായി കിടന്ന യഹൂദരെപ്പോലൊരു ജനതയുടെ വിമോചനത്തിനു വേണ്ടി, അക്കാലത്തെ അതിപ്രബല സ്വേഛാധിപതിയായ ഫറവോനെതിരെ സമരം പ്രഖ്യാപിക്കാനുള്ള ധൈര്യവും നിശ്ചയദാർഢ്യവും മൂസാ(അ)ക്ക് പ്രദാനം ചെയ്തത്. അദ്ദേഹം വിശ്വസിച്ചതുപോലെ ഓരോ കാൽവെപ്പിലും അല്ലാഹു അദ്ദേഹത്തിനു വിജയമരുളുകയും ചെയ്തു.

'അഗ്നിയിലും അതിനു ചുറ്റും ഉള്ളത്' (مَنْ فِي النَّارِ وَمَنْ حَوْلَهَا) മലക്കുകളായിരുന്നു എന്നാണ് ഇമാം സുയൂത്വിയെപ്പോലുള്ളവർ വ്യാഖ്യാനിച്ചിട്ടുള്ളത്. അഗ്നിയിലുള്ളത് അല്ലാഹുവും ചുറ്റുമുള്ളത് മലക്കുകളുമാണെന്നും വ്യാഖ്യാനമുണ്ട്. അഗ്നിയിലുള്ളത് മലക്കുകളും പരിസരത്തുള്ളത് മൂസാ നബിയുമാണെന്നുമുണ്ടൊരഭിപ്രായം. മുകളിൽ വിശദീകരിച്ചിട്ടുള്ളതാണ് കൂടുതൽ പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ള പ്രബലമായ വ്യാഖ്യാ

നം. ഏത് വ്യാഖ്യാനം സ്വീകരിച്ചാലും മൂസാ(അ) കണ്ട തീ അല്ലാഹുവിന്റെ രൂപമായിരുന്നില്ല. സത്തയുമായിരുന്നില്ല. ദൃഷ്ടാന്തം മാത്രമായിരുന്നു. ഈ സന്ദര്‍ഭത്തില്‍ മൂസാ(അ) അല്ലാഹുവിനെ കാണാന്‍ ആഗ്രഹം പ്രകടിപ്പിച്ചപ്പോള്‍ നിനക്ക് എന്നെ കാണാനാവില്ലെന്നായിരുന്നു അല്ലാഹുവിന്റെ മറുപടി. ത്വൂര്‍ മലയില്‍ അല്ലാഹുവിന്റെ തേജസ്സ് ജ്വലിച്ചപ്പോള്‍ മല പൊടിഞ്ഞതായും മൂസാ നബി ബോധരഹിതനായി നിലംപതിച്ചതായും 7:187-ല്‍ പ്രസ്താവിച്ചിട്ടുണ്ട്.

പ്രകൃത സന്ദര്‍ഭത്തില്‍ ഈ കഥ അനുസ്മരിക്കുന്നതില്‍നിന്ന് മനസ്സിലാകുന്നത് ഇതാണ്: മൂസാ നബിക്കുണ്ടായത് ഒരു സാധാരണ അനുഭവമല്ല; അല്ലാഹു അവന്റെ ദൗത്യത്തിനു വേണ്ടി തെരഞ്ഞെടുക്കുന്നവര്‍ക്കു മാത്രം ഉണ്ടാകുന്നതാണ്. ആ അനുഭവം ഉണ്ടാകുന്നവര്‍ തന്നെ അതുള്‍ക്കൊള്ളാന്‍ സമയമെടുക്കും. അവരുടെ പ്രബോധിതര്‍ക്ക് അത് അവിശ്വസനീയവും വിചിത്രവുമായ കാര്യമായി തോന്നും. ചിലര്‍ സംശയങ്ങളുന്നയിക്കും. കടുത്ത മുന്‍വിധികളും നിക്ഷിപ്ത താല്‍പര്യങ്ങളുമുള്ളവര്‍ രൂക്ഷമായി എതിര്‍ക്കുകയും നിഷേധിക്കുകയും ചെയ്യും. മൂസാ നബിയെപ്പോലെ മുഹമ്മദ് നബിക്കും ദിവ്യബോധനം ആരംഭിച്ചത് അദ്ദേഹം ഒട്ടും ആഗ്രഹിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്യാതെ യാദൃഛികമായിട്ടാണ്. ഇരു കൂട്ടരുടെയും പ്രബോധന സാഹചര്യവും ഏറെ സാദൃശ്യമുള്ളതാണ്. അതുകൊണ്ടാണ് മറ്റു പ്രവാചകന്മാരേക്കാള്‍ വളരെ കൂടുതലായി ഖുര്‍ആന്‍ മൂസാ ചരിത്രം അനുസ്മരിക്കുന്നത്. മൂസാ(അ)യുടെ അനുഭവങ്ങള്‍ പ്രബോധനരംഗത്ത് മുഹമ്മദ് നബിക്ക് സ്ഥൈര്യവും നിശ്ചയദാര്‍ഢ്യവും സഹനശക്തിയും പകര്‍ന്നുകൊടുക്കുന്ന പാഠങ്ങളാണ്.

ഈ സൂറയില്‍ ആദ്യമേ മൂസാ ചരിത്രം അനുസ്മരിക്കുന്നതില്‍നിന്ന് വ്യക്തമാകുന്ന മറ്റൊരു കാര്യം പ്രവാചകത്വം അല്ലാഹുവില്‍നിന്ന് ലഭിക്കുന്ന സവിശേഷമായ സമ്മാനവും ആത്മീയാനുഗ്രഹവുമാണ് എന്നാകുന്നു. അത് ആഗ്രഹം കൊണ്ടും പരിശ്രമം കൊണ്ടും നേടിയെടുക്കാവുന്ന ഒന്നല്ല. കവിത, ജ്യോതിഷം, മന്ത്രവാദം തുടങ്ങിയവയെല്ലാം ആളുകള്‍ വളരെക്കാലം പഠിച്ചും പരിശീലിച്ചും വശത്താക്കുന്ന കഴിവുകളാണ്. പ്രവാചകത്വത്തിന്റെ പഠന പരിശീലനങ്ങള്‍ അല്ലാഹു നേരിട്ടാണ് നല്‍കുന്നത്. പരിശീലന ഘട്ടത്തില്‍ താന്‍ പ്രവാചകനാകാന്‍ പരിശീലിപ്പിക്കപ്പെടുകയാണെന്ന് പ്രവാചകന്‍ പോലും അറിയുന്നില്ല. ഈജിപ്തില്‍ അതിക്ലേശകരമായ അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോള്‍ യൂസുഫ്(അ) ഒട്ടും അറിഞ്ഞിരുന്നില്ല, താന്‍ ഭാവി പ്രവാചകനാകാന്‍ പാകപ്പെടുത്തപ്പെടുകയാണെന്ന്. കുടുംബത്തെയും കൂട്ടി, നിര്‍ഭയമായി പാര്‍പ്പുറപ്പിക്കാവുന്ന ഒരിടം തേടി പുറപ്പെട്ട മൂസാ നബി രാത്രിയുടെ കൂരിരുട്ടില്‍ വഴിതെറ്റി സഞ്ചരിക്കുകയായിരുന്നു. അകലെ ഒരു വെളിച്ചമുള്ളതായി തോന്നി. കുടുംബത്തെ വഴിയില്‍ നിര്‍ത്തി മൂസാ ആ വെളിച്ചത്തിനടുത്തേക്ക് നടന്നു. വെളിച്ചത്തിനടുത്തുള്ളവരോട് വഴി ചോദിച്ചറിയുകയും തനിക്കും കുടുംബത്തിനും കായാന്‍ കുറച്ച് തീ കൊണ്ടുവരികയുമായിരുന്നു ലക്ഷ്യം. അവിടെ ചെന്നപ്പോള്‍ ഒരു മരം നിന്ന് കത്തുന്നതാണ് കണ്ടത്. അതിനടുത്തെത്തിയപ്പോള്‍ ഒരശരീരി കേള്‍ക്കുന്നു: 'അഗ്നിയിലും അതിന്റെ പരിസരത്തുമുള്ളവര്‍ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. അഖിലാണ്ഡ വിധാതാവായ അല്ലാഹു പരമ പരിശുദ്ധന്‍. അല്ലയോ മൂസാ, ഇത് ഞാന്‍ അജയ്യനും അഭിജ്ഞനുമായ അല്ലാഹുവാകുന്നു.' തുടര്‍ന്ന് അദ്ദേഹത്തെ പ്രവാചകനായി തെരഞ്ഞെടുത്തിരിക്കുന്നുവെന്നറിയിക്കുകയും ആകയാല്‍ ദിവ്യബോധനം ലഭിക്കുന്ന സന്ദേശങ്ങള്‍ ശ്രദ്ധിച്ചു കേള്‍ക്കാനാവശ്യപ്പെടുകയും ചെയ്യുന്നു. ഏകദൈവാരാധനയും നമസ്കാരവും ഉപദേശിക്കുന്നു. ഉയിര്‍ത്തെഴുന്നേല്‍പിനെക്കുറിച്ച് മുന്നറിയിപ്പു നല്‍കുന്നു. ഇക്കാര്യങ്ങള്‍ *ത്വാഹാ* 13-15-ല്‍ പറയുന്നുണ്ട്. അതിനു ശേഷമാണ് അടുത്ത സൂക്തം പരാമര്‍ശിക്കുന്ന വടിയുടെ കാര്യം പറയുന്നത്. പ്രവാചകത്വദൗത്യം അറിയിച്ചപ്പോള്‍ മൂസാ(അ) പരിഭ്രമിച്ചു. ദൗത്യമേറ്റെടുക്കാന്‍ തന്റെ മനസ്സ് സമ്മതിക്കുന്നില്ലെന്നും തനിക്ക് ചില പരിമിതികളുണ്ടെന്നും ബോധിപ്പിച്ചു. അതിനാല്‍ തനിക്കു പകരം തന്റെ സഹോദരന്‍ ഹാറൂനിനെ ദൈവദൂതനായി നിയോഗിക്കണമെന്നപേക്ഷിച്ചതായും *അശ്ശുഅറാഅ്* 12-14 സൂക്തങ്ങളില്‍ പ്രസ്താവിച്ചിരിക്കുന്നു. ■

---

وَأَلْقِ عَصَاكَ ۚ فَلَمَّا رَآهَا تَهْتَزُّ كَأَنَّهَا جَانٌّ وَلَّىٰ مُدْبِرًا وَلَمْ يُعَقِّبْ ۚ
يَا مُوسَىٰ لَا تَخَفْ إِنِّي لَا يَخَافُ لَدَيَّ الْمُرْسَلُونَ ﴿١٠﴾

10. നിന്റെ വടി താഴെയിടുക. താഴെയിട്ട വടി പാമ്പെന്നോണം പുളയുന്നതു കണ്ടപ്പോള്‍ മൂസാ പിന്തിരിഞ്ഞോടി. തിരിഞ്ഞു നോക്കിയതേയില്ല. അല്ലാഹു അരുള്‍ ചെയ്തു. ഓ, മൂസാ, ഭയപ്പെടേണ്ട. ദൈവദൂതന്മാര്‍ എന്റെ മുന്നില്‍ ഭയപ്പെടേണ്ടതില്ല.

**10**

وَأَلْقِ = നീ (താഴെ) ഇടുക عَصَاكَ = നിന്റെ വടി فَلَمَّا رَآهَا = അതിനെ (താഴെയിട്ടവടി) കണ്ടപ്പോള്‍

تَهْتَزُّ = പുളയുന്നതായി كَأَنَّهَا جَانٌّ = അത് ഒരു പാമ്പാണെന്നോണം

وَلَّىٰ مُدْبِرًا = അദ്ദേഹം (മൂസാ) പിന്നിടുന്നവനായി പിന്തിരിഞ്ഞു(പിന്തിരിഞ്ഞോടി)

وَلَمْ يُعَقِّبْ = അദ്ദേഹം മടങ്ങിയില്ല (തിരിഞ്ഞു നോക്കിയതേയില്ല)

يَا مُوسَىٰ لَا تَخَفْ = (അല്ലാഹു അരുള്‍ ചെയ്തു) ഓ മൂസാ, നീ ഭയപ്പെടേണ്ട إِنِّي = തീര്‍ച്ചയായും ഞാന്‍

لَا يَخَافُ لَدَيَّ = എന്റെയടുക്കല്‍ (മുമ്പില്‍) ഭയപ്പെടുകയില്ല(പ്പെടേണ്ടതില്ല) الْمُرْسَلُونَ = ദൈവദൂതന്മാര്‍

വടി നിലത്തിടാൻ ആവശ്യപ്പെടുന്നതിനു മുമ്പ് മൂസാ നബിയോട് കൈയിലെന്താണെന്ന് ചോദിക്കുകയും താൻ ഊന്നി നടക്കാനും ആടുകൾക്ക് ഇല പൊഴിച്ചു കൊടുക്കാനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന വടിയാണ് എന്ന് അദ്ദേഹം മറുപടി പറയുകയും ചെയ്തതായി *ത്വാഹാ* 17,18 സൂക്തങ്ങളിൽ പറയുന്നുണ്ട്. നിലത്തിട്ട വടി പാമ്പിനെപ്പോലെ പുളയാൻ തുടങ്ങി. تَهْتَزُّ كَأَنَّهَا جَانٌّ എന്നാണ് മൂലവാക്ക്. اهتزاز-ൽനിന്നുള്ള വർത്തമാന ക്രിയയാണ് تَهْتَزُّ. പുളച്ചിലും പിടച്ചിലും കുലുങ്ങലുമൊക്കെയാണ് اهتزاز. ചെറു പാമ്പാണ് جَانٌّ. സൂറ *ത്വാഹാ*യിൽ ഇതിനെ حية (സർപ്പം) എന്നും ثُعبان(വൻ സർപ്പം) എന്നുമാണ് പറഞ്ഞിട്ടുള്ളത്. വടി രൂപാന്തരപ്പെട്ടുണ്ടായ സർപ്പം കാഴ്ചക്ക് വൻ സർപ്പമായിരുന്നു, അതോടൊപ്പം ചെറിയ പാമ്പുകളെപ്പോലെ ചലന വേഗമുള്ളതുമായിരുന്നു എന്നാണ് പണ്ഡിതന്മാർ ഇതിനെ വ്യാഖ്യാനിച്ചിട്ടുള്ളത്. തന്റെ വടി പാമ്പിനെപ്പോലെ പിടയുന്നത് കണ്ട് മൂസാ (അ) വിരണ്ടുപോയി. പിന്തിരിഞ്ഞ് ഓടിക്കളഞ്ഞു. തിരിഞ്ഞുനോക്കിയതേയില്ല. وَلَّىٰ എന്ന പദത്തിനുതന്നെ പിന്തിരിഞ്ഞോടി എന്നർഥമുണ്ട്. പിന്തിരിഞ്ഞവനായി, പിന്നാക്കക്കാരനായി എന്നാണ് مُدْبِرًا -ന് അർഥം. وَلَّىٰ -യുടെ അർഥത്തെ ബലപ്പെടുത്താനാണ് ശേഷം مُدْبِرًا എന്നു കൂടി പറഞ്ഞത്. കാൽമടമ്പിനും പിൻ ഭാഗത്തിനും ഉപയോഗിക്കുന്ന عَقِب-ൽനിന്ന് നിഷ്പാദിതമായ تعقيب എന്ന ക്രിയയുടെ വർത്തമാന രൂപമാണ് يُعَقِّبْ. പിന്നിട്ടുപോയതിലേക്ക് തിരിച്ചുവരവാണ് تعقيب. ഇവിടെ ആശയം, വിരണ്ടുപോയ മൂസാ നബി തിരിഞ്ഞുനോക്കുക പോലും ചെയ്യാതെ ഓടി എന്നാവാം, പേടിച്ചോടിയ അദ്ദേഹം പിന്നെ ആ വടിയുടെ അടുത്തേക്ക് തിരിച്ചുവന്നില്ല എന്നുമാവാം.

മുൻ സൂക്തങ്ങളിൽ, പ്രവാചകത്വം ഏറ്റെടുക്കാൻ മൂസാ (അ)യെ മാനസികമായി പാകപ്പെടുത്തുന്ന അധ്യാപനങ്ങൾ നൽകിയ ശേഷം തുടർന്നുള്ള ഏതാനും സൂക്തങ്ങൾ, ഫറവോനെപ്പോലുള്ള മഹാ ധിക്കാരികളെ അദ്ദേഹത്തിന്റെ പ്രവാചകത്വം ബോധ്യപ്പെടുത്താൻ പര്യാപ്തമായ ദിവ്യദൃഷ്ടാന്തങ്ങൾ (معجزات) നൽകുകയാണ്. മൂസാ നബിയുടെ മുഖ്യ ദിവ്യാത്ഭുതം അദ്ദേഹത്തിന്റെ വടിയായിരുന്നു. അതിൽനിന്നാണ് മറ്റു ദിവ്യദൃഷ്ടാന്തങ്ങൾ പ്രത്യക്ഷമാകുന്നത്. ആ വടി കൊണ്ടടിച്ച് കടലിനെ പിളർന്നതും പാറയിൽനിന്ന് അരുവികളൊഴുക്കിയതുമൊക്കെ നേരത്തേ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. മൂസാ നബിയുടെ ഈ അനുഭവം അനുസ്മരിക്കുന്നതിലൂടെ ഇവിടെ പ്രത്യേകമായി ഉണർത്തുന്നത്, പ്രവാചകത്വത്തിന്റെ പ്രാരംഭ ഘട്ടത്തിലെ അനുഭവങ്ങൾ പ്രവാചകന്മാർക്കുതന്നെ തീരെ അപരിചിതവും വിചിത്രവും അത്ഭുതകരവുമായിരിക്കുമെന്നാണ്. തുടക്കത്തിൽ അവർ പേടിച്ചരണ്ടുപോകും. മൂസാ നബിക്കുണ്ടായ ഈ അനുഭവമാണ് ഹിറാ ഗുഹയിൽ ജിബ്രീലിനെ സന്ധിച്ചപ്പോൾ മുഹമ്മദ് നബിക്കും ഉണ്ടായത്. ക്രമേണ പ്രവാചകത്വവുമായി അവർ ഇണങ്ങുന്നു. അതവരുടെ പ്രകൃതിയും വ്യക്തിത്വവുമായി മാറുന്നു. ■

---

إِلَّا مَنْ ظَلَمَ ثُمَّ بَدَّلَ حُسْنًا بَعْدَ سُوءٍ فَإِنِّي غَفُورٌ رَحِيمٌ ﴿١١﴾

11. അധർമം ചെയ്തവർ മാത്രമേ ഭയപ്പെടേണ്ടതുള്ളൂ. എന്നാൽ തിന്മ ചെയ്തുപോയ ശേഷം കർമങ്ങൾ നന്മകളാക്കി മാറ്റിയവരുണ്ടല്ലോ; അവർക്ക് ഏറെ പൊറുത്തുകൊടുക്കുന്ന കരുണാമയനത്രെ ഞാൻ.

**11**

إِلَّا مَنْ ظَلَمَ = അധർമം ചെയ്തവൻ ഒഴിച്ച് (വർ മാത്രമേ ഭയപ്പെടേണ്ടതുള്ളൂ)

ثُمَّ بَدَّلَ حُسْنًا = പിന്നെ (കർമങ്ങൾ) നന്മകളാക്കി മാറ്റിയവർ بَعْدَ سُوءٍ = തിന്മക്കു (തിന്മ ചെയ്ത) ശേഷം

فَإِنِّي = അപ്പോൾ ഞാൻ غَفُورٌ رَحِيمٌ = (അവർക്ക്) ഏറെ പൊറുത്തുകൊടുക്കുന്ന കരുണാമയനത്രെ

വടി പാമ്പായി പുളയുന്നതു കണ്ട് ഭയന്നുപോയ മൂസാ (അ)യെ അല്ലാഹു സാന്ത്വനപ്പെടുത്തി. മൂസാ, ഒട്ടും ഭയപ്പെടേണ്ട. ഈ സർപ്പം നിന്നെ ഒന്നും ചെയ്യില്ല. നിന്റെ ശത്രുക്കൾക്കാണ് അത് ആപത്തണക്കാൻ പോകുന്നത്. നിന്നെ അല്ലാഹു അവന്റെ ദൂതനായി നിയോഗിച്ചിരിക്കുകയാണ്. ദൈവദൂതന്മാർ ദൈവത്തിനു മുമ്പിൽ ഒട്ടും പേടിക്കേണ്ട കാര്യമില്ല. അവർ അവന്റെ മേൽനോട്ടത്തിലും സംരക്ഷണത്തിലുമാണ്. ദൈവദൂതന്മാരെ വിശ്വസിക്കാനും അനുസരിക്കാനും തയാറാവാത്ത സത്യനിഷേധികൾക്കെതിരെ ഉപയോഗിക്കാനുള്ള മൂർച്ചയേറിയ ആയുധമാണ് നിന്റെ ഈ വടി. അവരാണതിനെ ഭയപ്പെടേണ്ടത്. അക്രമവും ധർമധിക്കാരവും പ്രവർത്തിച്ചവർ മാത്രമേ അല്ലാഹുവിന്റെ മുമ്പിൽ ഭയപ്പെടേണ്ടതുള്ളൂ. അത്തരക്കാർ ഭയപ്പെടുക തന്നെ വേണം. പക്ഷേ, അറിവില്ലാതെ പാപങ്ങൾ ചെയ്തുപോവുകയും പിന്നീട് അതിൽനിന്നെല്ലാം പശ്ചാത്തപിച്ച് സംസ്കൃത ജീവിതം നയിക്കുകയും ചെയ്തവരെ അല്ലാഹു അവന്റെ അപാരമായ കാരുണ്യത്താൽ പാപമുക്തരും പരിശുദ്ധരുമാക്കി മാറ്റും.

പാപം ചെയ്ത ശേഷം പശ്ചാത്തപിച്ചു മടങ്ങി പുണ്യകർമങ്ങളിലേർപ്പെട്ടവരുടെ കാര്യം എടുത്തുപറയുന്നത് പാപം ചെയ്തവരെ പരാമർശിച്ചപ്പോൾ മൂസാ നബിക്കുണ്ടായിരിക്കാവുന്ന ഒരാശങ്ക ദൂരീകരിക്കാനാണ്. ഈജിപ്തിൽ അദ്ദേഹം ഒരു ഖിബ്ത്വിയെ വധിക്കാനിടയായിരുന്നു. അതിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാനാണദ്ദേഹം മിദ്യാനിലേക്ക് പലായനം ചെയ്തത്. ഇതേക്കുറിച്ച് മൂസാ (അ) وَلَهُمْ عَلَيَّ ذَنْبٌ - അവർ എന്നിലൊരു കുറ്റം ചുമത്തിയിട്ടുണ്ട്- എന്ന് 26: 14-ൽ പ്രസ്താവിക്കുന്നുണ്ട്. അതു ഞാൻ അറിവില്ലായ്മയാൽ ചെയ്തുപോയതാണ് - قَالَ فَعَلْتُهَا إِذًا وَأَنَا مِنَ الضَّالِّينَ എന്ന് 26: 20 പറയുന്നു. പിന്നീട് ആ നടപടിയിൽ അദ്ദേഹം പശ്ചാത്തപിച്ചു. സത്കർമങ്ങൾ വർധിപ്പിച്ചു. അതിനാൽ അല്ലാഹു അദ്ദേഹത്തിനു ആ പാപം പൊറുത്തുകൊടുക്കുകയും ശുദ്ധീകരിക്കുകയും ചെയ്തിരിക്കുന്നുവെന്ന സുവിശേഷമാണ് ثُمَّ بَدَّلَ حُسْنًا بَعْدَ سُوءٍ فَإِنِّي غَفُورٌ رَحِيمٌ എന്ന വാക്യം. ■